Draft #50 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2021 05:01 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 — തീയതി: 28.04.2021

**<u>സർക്കുലർ</u>**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വിഷയം:- കോവിഡ് 19 - നിർവ്യാപനം - ജീവനക്കാർക്കുള്ള തുടർമാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 23.04.2021,26.04.2021എന്നീ തീയതികളിലെ സർക്കുലർ നമ്പർ 17152/AD A1SO/2020/എഡി എ1.
2. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ്(എ) ഡിപ്പാർട്ട്മെന്റിന്റെ 26.04.2021 തീയതിയിലെ G.O.(Rt)No.383/2021/DMD നമ്പർ ഉത്തരവ്.
3. വൈസ് ചാൻസലറുടെ ഉത്തരവോടു കൂടിയ 28.04.2021 തീയതിയിലെ രജി/2/80/2021 നമ്പർ കുറിപ്പ്.

------

കോവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗം നേരിടുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സർക്കാർ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് കണക്കിലെടുത്ത്, ചുവടെ പറയുന്ന ക്രമീകരണങ്ങൾ കൂടി ഉൾപ്പെടുത്തി രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർവ്വകലാശാല ഓഫീസിനും, പഠന വകുപ്പുകൾക്കും, സ്റ്റഡി സെന്ററുകൾക്കും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ ശനിയാഴ്ച അവധിയായിരിക്കും.

2. സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ 50% എന്ന വ്യവസ്ഥ പാലിച്ച് ഓഫീസിൽ ജോലിക്ക് ഹാജരാകേണ്ടതും, ശേഷിക്കുന്ന ദിവസങ്ങളിൽ 'Work from Home' വ്യവസ്ഥയിൽ ജോലി ചെയ്യേണ്ടതുമാണ്. ജോലി ക്രമീകരണം സംബന്ധിച്ച വിവരം സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ അതാത് ബ്രാഞ്ച് ഓഫീസർമാരെ യഥാവിധി അറിയിക്കേണ്ടതാണ്.

3. പൊതു ഗതാഗതം അപര്യാപ്തമായി നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാല ബസ് സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിനായി കണ്ടക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.

4. കോവിഡ്-19 സ്ഥിരീകരിക്കുന്ന ജീവനക്കാർ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ അറിയിക്കേണ്ടതും, മേലുദ്യോഗസ്ഥൻ ടി വിവരം ബ്രാഞ്ച് ഓഫീസറെ അറിയിക്കേണ്ടതുമാണ്. അതാത് ബ്രാഞ്ച് ഓഫീസർമാർ ഇത് സംബന്ധിച്ച വിവരങ്ങൾ രജിസ്ട്രാറുടെ ഓഫീസിൽ യഥാവിധി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #50 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 28-Apr-2021 05:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം